# കേരളസർവകലാശാല

നം.പി.ആർ.29/2022

## പത്രക്കുറിപ്പ്

### കോളേജ് യൂണിയൻ ഇലക്ഷൻ

ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ 2021-22 ലെ കോളേജ് യൂണിയൻ ഇലക്ഷൻ, 2022 ഫെബ്രുവരി 15-ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുമായി ബന്ധപ്പെട്ട മാർഗ നിർദേശങ്ങൾ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേക്കും ഇ-മെയിൽ ചെയ്തിട്ടുണ്ട്. എല്ലാ അഫിലിയേറ്റഡ് കോളേജുകളും ടി മാർഗ നിർദേശങ്ങൾക്ക് അനുസരിച്ച് കോളേജ് യൂണിയൻ ഇലക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ ഒന്നാംവർഷ എം.എ.മലയാളം, 2021 ആഗസ്റ്റിൽ നടത്തിയ രണ്ടാംവർഷ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ - 2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 25 വരെ നേരിട്ട് അപേക്ഷിക്കാവുന്നതാണ്.

### സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം

കേരളസർവകലാശാല കോവിഡ് 19 കാരണം ഡിസംബർ 2021 ലെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്സി./ബി.കോം./സി.ആർ പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം കോഴ്സ് കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യവകുപ്പിന്റേയോ തദ്ദേശ സ്വയംഭരണവകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം 2022 ഫെബ്രുവരി 16 ന് മുൻപ് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന മൂന്നും നാലും സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. (2019 അഡ്മിഷൻ റെഗുലർ, 2017 & 2018 അഡ്മിഷൻ സപ്ലിമെന്ററി), ഡിസംബർ 2021 പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ജനുവരി 31 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. ഫിസിക്സ് വിത്ത് മാത്തമാറ്റിക്സ് ആന്റ് മെഷീൻ ലേണിംഗ് (2020 അഡ്മിഷൻ റെഗുലർ) പരീക്ഷ ഫെബ്രുവരി 18 ന് നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിലും സമയക്രമത്തിലും മാറ്റമില്ല.

കേരളസർവകലാശാല കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവച്ച 2021 ആഗസ്റ്റിലെ ഒന്നാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് (356) കോഴ്സിന്റെ ജനുവരി 31 ലെ പരീക്ഷ ഫെബ്രുവരി 18 ന് അതേ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

കേരളസർവകലാശാല 2022 ജനുവരി 31 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം./ബി.എച്ച്.എം.സി.റ്റി.), ഡിസംബർ 2021 ഡിഗ്രി പരീക്ഷ ഫെബ്രുവരി 18 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനും സമയക്രമത്തിനും മാറ്റമില്ല.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലായുടെ അവസാനവർഷ ബി.കോം. ആന്വൽ ഏപ്രിൽ 2021 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.VII (ഏഴ്) സെക്ഷനിൽ ഫെബ്രുവരി 14 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
09.02.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**